# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഫെബ്രുവരി 15<br>February 15 | 2019 |
|---|---|

*1193 കുംഭം 3 വെള്ളി*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**നാഷണൽ യൂത്ത് വോളണ്ടിയർ തെരഞ്ഞെടുപ്പ്**

ഭാരത സർക്കാരിന്റെ യുവജനകാര്യ കായിക മന്ത്രാലയത്തിലെ ജില്ലാ നെഹ്റു യുവ കേന്ദ്ര 2019-20 വർഷത്തേക്ക് നാഷണൽ യൂത്ത് വോളണ്ടിയർ പദ്ധതിയിലേക്ക് യുവതീയുവാക്കളെ തെരഞ്ഞെടുക്കുന്നു. 2018 ഏപ്രിൽ ഒന്നിന് 18നും 29നും മധ്യേ പ്രായമുള്ള, പത്താം ക്ലാസ് പാസായ, വിദ്യാർഥികളല്ലാത്ത, തൊഴിൽരഹിതർക്ക് അപേക്ഷിക്കാം. ബിരുദധാരികൾക്ക് മുൻഗണന ലഭിക്കും. നാഷണൽ സർവീസ് സ്കീം, എൻസിസി, യൂത്ത് ക്ലബ്, മഹിളാസമാജം, കുടുംബശ്രീ, സാംസ്കാരിക സാമൂഹിക സംഘടനാ പ്രവർത്തന പരിചയമുള്ളവർക്കും പ്രത്യേക പരിഗണന ലഭിക്കും.

തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം 5000 രൂപ ലഭിക്കും. ജില്ലാ കളക്ടർ ചെയർമാനായുള്ള സെലക്ഷൻ കമ്മിറ്റി നടത്തുന്ന ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ്. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ കളക്ടറേറ്റിന് സമീപം പ്രവർത്തിക്കുന്ന നെഹ്റു യുവകേന്ദ്ര ഓഫീസിൽ നേരിട്ടോ www.nyks.nic.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായോ അപേക്ഷ സമർപ്പിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് മൂന്ന്. ഫോൺ: 0468 2223640.

(പിഎൻപി 569/19)

**ശില്പശാല നടത്തി**

തദ്ദേശ സ്വയംഭരണ സ്ഥാപനമേധാവികൾക്കായി 2018ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിനെയും പുതിയ ലൈസൻസിംഗ് സമ്പ്രദമായ

കെ.സ്വിഫ്റ്റിനെയും സംബന്ധിച്ച് പത്തനംതിട്ടയിൽ ശില്പശാല നടത്തി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി ശില്പശാല ഉദ്ഘാടനം ചെയ്തു. ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ഡി.രാജേന്ദ്രൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഉപജില്ലാ വ്യവസായ ഓഫീസർ സി.ഗോപകുമാർ, കോന്നി ബ്ലോക്ക് വ്യവസായ ഓഫീസർ ബി.രതീശൻ എന്നിവർ സംസാരിച്ചു. റിട്ട.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കെ.സോമൻ ക്ലാസ് നയിച്ചു.

തിരുവല്ല, റാന്നി, മല്ലപ്പള്ളി താലൂക്കുകളിലെ തദ്ദേശഭരണ സ്ഥാപന മേധാവികൾക്കായി 22ന് തിരുവല്ലയിൽ പരിശീലനം നടത്തും. (പിഎൻപി 570/19)

## ലേലം

അരീക്കക്കാവ് സർക്കാർ തടി ഡിപ്പോ കോംപൗണ്ടിൽ നിൽക്കുന്ന 42 പ്ലാവ്, മൂന്ന് മാവ്, മൂന്ന് തെങ്ങ് എന്നിവയിൽ നിന്നും 2021 ഡിസംബർ 31 വരെ മേലാദായം ശേഖരിക്കുന്നതിനുള്ള അവകാശം ഈ മാസം 27ന് രാവിലെ 11ന് അരീക്കക്കാവ് ഡിപ്പോ ഓഫീസിൽ ലേലം ചെയ്യും. ഫോൺ: 04735 274010, 8547600535. (പിഎൻപി 571/19)

## ചുമർചിത്രരചനാ വെക്കേഷൻ കോഴ്സ്

ആറന്മുള വാസ്തുവിദ്യാഗുരുകുലത്തിന്റെ ആഭിമുഖ്യത്തിൽ 25 പ്രവർത്തി ദിവസങ്ങൾ ഉൾക്കൊള്ളുന്ന ചുമർചിത്രരചനാ വെക്കേഷൻ കോഴ്സ് നടത്തുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിൽ നിന്നും താത്പര്യമുള്ള സ്കൂളുകൾ, ഗ്രന്ഥശാലകൾ, ക്ലബുകൾ, സന്നദ്ധ സാമൂഹിക സംഘടനകൾ, വ്യക്തികൾ എന്നിവർക്ക് അപേക്ഷിക്കാം. 2019 ഏപ്രിൽ, മെയ് മാസങ്ങളിലാണ് ക്ലാസുകൾ നടത്തുന്നത്. ചുമർചിത്രകലാ മാതൃകാ രചന, ഡിസൈൻ എന്നീ വിഷയങ്ങൾ ഉൾപ്പെട്ട കോഴ്സ് പൂർത്തിയാകുന്ന മുറയ്ക്ക് ചുമർചിത്രപ്രദർശനവും ചുമർചിത്രരചനാ മത്സരവും നടത്തും. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് വാസ്തുവിദ്യാ ഗുരുകുലം സർട്ടിഫിക്കറ്റ് നൽകും.

ഒന്ന് മുതൽ ഏഴ് വരെ ക്ലാസുകളിലെ വിദ്യാർഥികളെ ജൂനിയർ വിഭാഗത്തിലും എട്ട് മുതൽ പ്ലസ്ടു വരെയുള്ള വിദ്യാർഥികളെ സീനിയർ വിഭാഗത്തിലും ഉൾപ്പെടുത്തി രണ്ട് ബാച്ചുകളിലായി കോഴ്സുകൾ നടത്തും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 19. അപേക്ഷാഫോറം www.vasthuvidyagurukulam.com എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാം. ഫോൺ: 0468 2319740, 9847053293, 9947739442. (പിഎൻപി 572/19)

## സ്പിരിച്വൽ സർക്യൂട്ട് പദ്ധതി ഉദ്ഘാടനം ഇന്ന് (16)

തീർഥാടന ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ പദ്ധതിയുടെ ഉദ്ഘാടനം ഇന്ന് (16ന്) വൈകിട്ട് മൂന്നിന് മിസോറാം ഗവർണർ കുമ്മനം രാജശേഖരൻ നിർവഹിക്കും. പത്തനംതിട്ട സ്റ്റേഡിയത്തിന് സമീപമുള്ള സെന്റ് സ്റ്റീഫൻസ് പാരിഷ് ഹാളിൽ നടക്കുന്ന പരിപാടിയിൽ കേന്ദ്ര ടൂറിസം വകുപ്പ് മന്ത്രി അൽഫോൻസ് കണ്ണന്താനം അധ്യക്ഷത വഹിക്കും.

തീർഥാടക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 133 ആരാധനാലയങ്ങളുടെ അടിസ്ഥാനസൗകര്യം വികസിപ്പിക്കുന്നതിന് 85.22 കോടി രൂപ വകയിരുത്തി കേന്ദ്രം സ്പിരിച്വൽ സർക്യൂട്ടിന് രൂപം നൽകുകയാണ്. ഇതിന്റെ ഭാഗമായി ജില്ലയിൽ 19 ആരാധനാലയങ്ങളെ തിരഞ്ഞെടുക്കുകയും 10.72 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതികളുടെ സംസ്ഥാനതല പ്രവൃത്തി ഉദ്ഘാടനമാണ് ഇന്ന് നടക്കുക. തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രൽ, ഇരവിപേരൂർ

ശ്രീകുമാർ നഗർ പ്രത്യക്ഷ രക്ഷാ ദൈവ സഭ, കവിയൂർ മഹാദേവക്ഷേത്രം, കോട്ടാങ്ങൽ മുസ്ലിം ജമാഅത്ത്, ശ്രീ പാർത്ഥസാരഥി ക്ഷേത്രം അടൂർ, അടൂർ മുസ്ലിം ജമാഅത്ത് ട്രസ്റ്റ്, കുമ്പനാട് ഇന്ത്യൻ പെന്തകോസ്തൽ ചർച്ച് ഓഫ് ഗോഡ് ഹെബ്രോൺ, ചെറുകോൽ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം, റാന്നി സെന്റ് തോമസ് ക്നാനായ വലിയപള്ളി, റാന്നി തൃക്കോമല നൂർ മുഹമ്മദീയ ജുമാ മസ്ജിദ്, വൈകുണ്ഠപുരം ശ്രീകൃഷ്ണസ്വാമിക്ഷേത്രം, ചന്ദനപ്പള്ളി-ഒറ്റതേക്ക് സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി, ചിറ്റാർ 86 ജുമാ മസ്ജിദ്, കുന്നങ്കര ശബരീശരണാശ്രമം, ചെറുകോൽപുഴ ഹിന്ദുമത പരിഷത്ത്, നിരണം സെന്റ് മേരീസ് സിറിയൻ ഓർത്തഡോക്സ് പള്ളി, പത്തനംതിട്ട ജുമാ മസ്ജിദ്, പടുതോട് ശ്രീ അയ്യപ്പ ട്രസ്റ്റ്, നിരണം തൃക്ക്പലീശരം ദക്ഷിണാമൂർത്തി ക്ഷേത്രം എന്നീ ആരാധനാലയങ്ങളെയാണ് അടിസ്ഥാന സൗകര്യ വികസനത്തിനായി തിരഞ്ഞെടുത്തിരിക്കുന്നത്.

ചടങ്ങിൽ സംസ്ഥാന ടൂറിസം, സഹകരണം, ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ മുഖ്യാതിഥിയാകും. ആന്റോ ആന്റണി എം.പി മുഖ്യപ്രഭാഷണം നടത്തും. എം.എൽ.എമാരായ വീണാജോർജ്, മാത്യു.ടി.തോമസ്, അടൂർ പ്രകാശ്, രാജു ഏബ്രഹാം, ചിറ്റയം ഗോപകുമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണ ദേവി, ജില്ലാ കളക്ടർ പി.ബി നൂഹ്, കേരള ടൂറിസം ഡയറക്ടർ പി.ബാലകിരൺ, പത്തനംതിട്ട നഗരസഭാധ്യക്ഷ അഡ്വ.ഗീതാ സുരേഷ്, വാർഡ് കൗൺസിലർ ഏബൽ മാത്യു, വിവിധ രാഷ്ട്രീയകക്ഷി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും. (പിഎൻപി 573/19)

## വരുമാനവർദ്ധനവിന് മുൻതൂക്കം നൽകി ഇലന്തൂർ പഞ്ചായത്ത് ബജറ്റ്

വരുമാനവർദ്ധനവും സമഗ്രവികസനവും ലക്ഷ്യമിട്ട് ഇലന്തൂർ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ്. പശ്ചാത്തല സൗകര്യങ്ങൾ, വീട് മെയിന്റനൻസ്, തെരുവു വിളക്ക് പരിപാലനം, സാമൂഹ്യ സുരക്ഷ, ആസ്തികളുടെ സംരക്ഷണം, കുടിവെള്ള പദ്ധതികൾ എന്നിവയ്ക്ക് മുൻഗണന നൽകിയാണ് ഇലന്തൂർ ഗ്രാമപഞ്ചായത്ത് 2019-20 ബജറ്റ് അവതരിപ്പിച്ചത്. പഞ്ചായത്തിന്റെ സമ്പൂർണ വികസനം ലക്ഷ്യമിട്ട ബജറ്റ് പൊതുജന ക്ഷേമത്തിനാണ് പ്രാധാന്യം നൽകുന്നതെന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.എസ് സിജു പറഞ്ഞു. വസ്തുനികുതി, തൊഴിൽ നികുതി, വാടക, ലൈസൻസ് ഫീസ് എന്നിവയെല്ലാം പൊതുജനക്ഷേമത്തിനായി ചിലവഴിക്കും. കൂടാതെ സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന ആനുകുല്യങ്ങളും ജനക്ഷേമത്തിനും വികസനത്തിനുമായാണ് വകയിരുത്തിയിരിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. പഞ്ചായത്ത് മാർക്കറ്റിലും പഞ്ചായത്ത് സ്റ്റേഡിയത്തിലും ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമിക്കും. ഇതിനായി ഒന്നാംഘട്ടമായി ഒരു കോടി രൂപ വകയിരുത്തി. ഗ്രാമപഞ്ചായത്ത് ഒരു ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിന്റെ ഒന്നാം ഘട്ടമായി കെട്ടിടനിർമാണം തുടങ്ങുന്നതിന് 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മുൻബാക്കി ഉൾപ്പടെ 116,212,594 രൂപാ വരവും 114,549,439 രൂപാ ചെലവും കണക്കാക്കിയിട്ടുള്ള ബജറ്റിൽ 1,663,155 രൂപായുടെ മിച്ചമാണ് ലഭ്യമായിട്ടുള്ളത്. കൂടാതെ, ജനറൽ ഉൽപ്പാദന മേഖല-31,17,900 രൂപ, ജനറൽ സേവന മേഖല - 91,33,450 രൂപ , ജനറൽ പശ്ചാത്തല മേഖല- 2,89,74,000 രൂപ, പട്ടികജാതി വിഭാഗം സേവനമേഖല - 4615300 രൂപ, പട്ടികജാതി വിഭാഗം പശ്ചാത്തല മേഖല -19497000 രൂപ, പട്ടിക വർഗ്ഗ വിഭാഗം സേവന മേഖല - 220000 രൂപ, ആകെ പദ്ധതി വകയിരുത്തലുകൾ- 480,10,350 രൂപ എന്നിങ്ങനെയാണ് ബജറ്റിൽ നീക്കി വച്ചിരിക്കുന്ന തുകകൾ. പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷത വഹിച്ച യോഗത്തിൽ വൈസ് പ്രസിഡന്റ് മിനി ജോൺ ബജറ്റ് അവതരിപ്പിച്ചു.

(പിഎൻപി 574/19)

## സർട്ടിഫിക്കറ്റ് കൈപ്പറ്റണം

നോർക്ക റൂട്ട്സ് 2017-18 വർഷത്തിൽ ചെന്നീർക്കര ഐടിഐയിൽ നടത്തിയ കോഴ്സുകളുടെ സർട്ടിഫിക്കറ്റ് 18 മുതൽ വിതരണം ചെയ്യും. ട്രെയിനികൾ തിരിച്ചറിയൽ രേഖയുമായി എത്തി സർട്ടിഫിക്കറ്റ് കൈപ്പറ്റണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

(പിഎൻപി 575/19)

## ഫോട്ടോ അടിക്കുറിപ്പ്

1) തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾക്കായി പത്തനംതിട്ടയിൽ നടത്തിയ ശില്പ ശാല ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി ഉദ്ഘാടനം ചെയ്യുന്നു.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

**ഫെബ്രുവരി 15**

**February 15** **2019**

***1193 കുംഭം 3 വെള്ളി***

# പത്രക്കുറിപ്പ് -2



www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657


**അട്ടത്തോട് സ്കൂളിന് അനുവദിച്ച ബസിന്റെ താക്കോൽ കൈമാറി**

വനം വന്യജീവി വകുപ്പ് പെരിയാർ ടൈഗർ റിസർവ് അട്ടത്തോട് ഗവൺമെന്റ് ട്രൈബൽ എൽപി സ്കൂളിന് അനുവദിച്ച 32 സീറ്റ് ബസിന്റെ താക്കോൽദാനവും അട്ടത്തോട് ഭാഗത്ത് പുതുതായി ആരംഭിച്ച പമ്പാജ്യോതി ജനസേവന കേന്ദ്രത്തിന്റെ ഉദ്ഘാടനവും രാജുഎബ്രഹാം എംഎൽഎ നിർവഹിച്ചു. പെരിയാർ വെസ്റ്റ് ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടർ സി.കെ.ഹാബി, രാജൻ വെട്ടിക്കൽ, ഹെഡ്മിസ്ട്രസ് സുജാകുമാരി, പിറ്റിഎ പ്രസിഡന്റ് ബിനു, തുടങ്ങിയവർ സംസാരിച്ചു.

(പിഎൻപി 576/19)

**കുള്ളാർ ഡാം തുറക്കും : ജാഗ്രത പാലിക്കുക**

പമ്പാ സ്നാനഘട്ടത്തിൽ വെള്ളം കുറവായതിനാൽ കുള്ളാർ ഡാമിൽ നിന്നും 25000 ഘനഅടി ജലം 15,16 തീയതികളിലായി തുറന്നുവിടുമെന്ന് എഡിഎം അറിയിച്ചു. പമ്പാനദിയിൽ മൂന്ന് മുതൽ അഞ്ച് സെന്റീമീറ്റർ വരെ മാത്രമേ ജലനിരപ്പ് ഉയരുകയുള്ളൂവെങ്കിലും പമ്പയിൽ സ്നാനം ചെയ്യുന്ന തീർഥാടകർ ജാഗ്രത പാലിക്കണം.

(പിഎൻപി 577/19)

**ബി.എസ്.സി/ഡിപ്ലോമ നഴ്സുമാരെ സ്കൈപ്പ് ഇന്റർവ്യൂ ചെയ്യുന്നു**

സൗദി അറേബ്യയിലെ അൽ-മൗവ്വാസാത്ത് ഹെൽത്ത് ഗ്രൂപ്പിലേക്ക് ബി.എസ്.സി/ഡിപ്ലോമ നഴ്സുമാരെ (സ്ത്രീകൾ മാത്രം) നിയമിക്കുന്നതിനായി ഒഡെപെക് വഴുതക്കാട് ഓഫീസിൽ ഈ മാസം 21ന് സ്കൈപ്പ് ഇന്റർവ്യൂ ചെയ്യും. പങ്കെടുക്കാൻ താത്പര്യമുള്ളവർ

ബയോഡേറ്റ, സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ എന്നിവ സഹിതം എന്ന ഇ-മെയിലിൽ അപേക്ഷിക്കണം. ഫോൺ: 0471 2329440/41/42/43/45.

(പിഎൻപി 578/19)

## ഇലവുംതിട്ട പോലീസ് സ്റ്റേഷൻ ഉദ്ഘാടനം നാളെ (17)

ജില്ലയ്ക്ക് പുതുതായി അനുവദിച്ച ഇലവുംതിട്ട പോലീസ് സ്റ്റേഷൻ നാളെ (17) ഉച്ചയ്ക്ക് 2.30ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മെഴുവേലി പത്മനാഭോദയം ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ വീണാജോർജ് എംഎൽഎയുടെ അധ്യക്ഷതയിൽ ചേരുന്ന ചടങ്ങിൽ വനംമന്ത്രി കെ.രാജു മുഖ്യപ്രഭാഷണം നടത്തും. ആന്റോ ആന്റണി എംപി വിശിഷ്ടാതിഥിയായിരിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, ജില്ലാ പോലീസ് മേധാവി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരായ രേഖാ അനിൽ, എം.ബി.സത്യൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ എൻ.ഗോപാലകൃഷ്ണക്കുറുപ്പ്, കലാ അജിത്ത്, ജില്ലാ പഞ്ചായത്തംഗം വിനീതാ അനിൽ, വിവിധ തദ്ദേശഭരണ ഭാരവാഹികൾ, രാഷ്ട്രീയകക്ഷി നേതാക്കൾ, പോലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

(പിഎൻപി 579/19)

## ഫോട്ടോ അടിക്കുറിപ്പ്

1) അട്ടത്തോട് ഭാഗത്ത് പുതുതായി ആരംഭിച്ച പമ്പാജ്യോതി ജനസേവന കേന്ദ്രത്തിന്റെ ഉദ്ഘാടനം രാജുഎബ്രഹാം എംഎൽഎ നിർവഹിക്കുന്നു.
2) വനം വന്യജീവി വകുപ്പ് പെരിയാർ ടൈഗർ റിസർവ് അട്ടത്തോട് ഗവൺമെന്റ് ട്രൈബൽ എൽപി സ്കൂളിന് അനുവദിച്ച ബസിന്റെ താക്കോൽദാന ചടങ്ങ് രാജുഎബ്രഹാം എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.
3) വനം വന്യജീവി വകുപ്പ് പെരിയാർ ടൈഗർ റിസർവ് അട്ടത്തോട് ഗവൺമെന്റ് ട്രൈബൽ എൽപി സ്കൂളിന് അനുവദിച്ച ബസിന്റെ ഫ്ളാഗ് ഓഫ് രാജുഎബ്രഹാം എംഎൽഎ നിർവഹിക്കുന്നു.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഫെബ്രുവരി 15<br>February 15 | 2019 |
| --- | --- |

*1193 കുംഭം 3 വെള്ളി*

# പത്രക്കുറിപ്പ് -3

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657


**കെട്ടിട നികുതി കുടിശിക**

വടശേരിക്കര ഗ്രാമപഞ്ചായത്തിലെ കെട്ടിട നികുതി കുടിശിക പിഴപ്പലിശ ഒഴിവാക്കി ഒറ്റത്തവണയായി ഒടുക്കാമെന്ന് സെക്രട്ടറി അറിയിച്ചു. വ്യാപാരികൾക്ക് ലൈസൻസ് പുതുക്കുന്നതിന് ഈ മാസം 28 വരെ പഞ്ചായത്തിൽ അപേക്ഷ നൽകാം.

(പിഎൻപി 579/19)

**താലൂക്ക്തല ഭൂമിപതിവ് കമ്മിറ്റി മാറ്റിവച്ചു**

കോന്നി താലൂക്ക് ഓഫീസിൽ ഇന്ന് (16) നടത്താനിരുന്ന താലൂക്ക്തല ഭൂമിപതിവ് കമ്മിറ്റി മാറ്റിവച്ചതായി തഹസീൽദാർ അറിയിച്ചു. (പിഎൻപി 580/19)

**ജില്ലയുടെ സംസ്കാരത്തെ പുതുതലമുറ മനസിലാക്കണം- മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി**

ജില്ലയുടെ സാംസ്കാരിക തനിമ വിളിച്ചോതുന്ന തിരുശേഷിപ്പുകളേയും ഐതിഹ്യങ്ങളേയും കുറിച്ച് പുതുതലമുറ മനസിലാക്കണമെന്ന് പുരാവസ്തുവകുപ്പ് മന്ത്രി രാമന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു. ജില്ലാ പൈതൃക മ്യൂസിയം കോന്നി ആനത്താവളത്തിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. പുതുതലമുറ ചരിത്രപുരാവസ്തുമേഖലയെക്കുറിച്ച് അറിയാൻ താത്പര്യം കാണിക്കുന്നത് പ്രതീക്ഷയും പ്രത്യാശയുമാണ് നൽകുന്നത്. പ്രദേശത്തിന്റെ സാംസ്കാരികത വിളിച്ചോതുന്നതാകണം പൈതൃകമ്യൂസിയം. അല്ലാതെ അത് വെറുമൊരു ഗോഡൗണാകരുതെന്നും ഇവയിലൂടെ

ചരിത്രത്തിലേക്കുള്ള സഞ്ചാരബോധമുണ്ടാകണമെന്നും മന്ത്രി പറഞ്ഞു. തിരുവനന്തപുരം, എറണാകുളം , പാലക്കാട്, തൃശൂര്‍, കോഴിക്കോട്, ഇടുക്കി, പത്തനംതിട്ട എന്നിവിടങ്ങളിലാണ് ആദ്യഘട്ട മ്യൂസിയങ്ങള്‍ സ്ഥാപിക്കുകയെന്നും മന്ത്രി പറഞ്ഞു.

സര്‍ക്കാരിന്റെ മ്യൂസിയം നോഡല്‍ ഏജന്‍സിയായ കേരളം മ്യൂസിയത്തെയാണ് മ്യൂസിയം സജ്ജീകരണചുമതല ഏല്‍പ്പിച്ചിരിക്കുന്നത്. കേരളം മ്യൂസിയത്തിന്റെ നേതൃത്വത്തില്‍ പന്തളം എന്‍.എസ്.എസ് കോളേജിലെ ചരിത്രവിഭാഗം വിദ്യാര്‍ഥികളുടേയും അധ്യാപകരുടേയും സഹകരണത്തോടെ ജില്ലയിലുടനീളം പൈതൃക സര്‍വേ സംഘടിപ്പിക്കുകയും പ്രദര്‍ശനവസ്തുക്കള്‍ ശേഖരിക്കുകയും ചെയ്തിരുന്നു. സംസ്ഥാന പുരാവസ്തുവകുപ്പ്, കേരളം മ്യൂസിയം, പന്തളം എന്‍എസ്എസ് കോളജ് ചരിത്രവിഭാഗം എന്നിവയുടെ സഹകരണത്തോടെ വിവിധ പ്രദേശങ്ങളില്‍ നടത്തിയ സര്‍വെയില്‍ ശേഖരിച്ച പുരാവസ്തുക്കള്‍ മന്ത്രി രാമചന്ദ്രന്‍ കടന്നപ്പള്ളി ഏറ്റുവാങ്ങി. സംസ്ഥാന പുരാവസ്തുവകുപ്പ് തയാറാക്കിയ ലഘുപത്രിക മന്ത്രി അടൂര്‍ പ്രകാശ് എംഎല്‍എയ്ക്ക് കൈമാറി. പൈതൃക ശേഷിപ്പ് സമാഹരണത്തില്‍ പങ്കെടുത്തവരെ മന്ത്രി ആദരിച്ചു. ചടങ്ങിനോട് അനുബന്ധിച്ച് ശേഖരിച്ച പുരാവസ്തുക്കളുടെ എക്സിബിഷനും നടത്തി. പന്തളം എന്‍എസ്എസ് കോളജ് ചരിത്രവിഭാഗം മേധാവി ഡോ.ലേഖാപിള്ള പൈതൃക പര്യവേഷണം വിവരണം നടത്തി.

അടൂര്‍ പ്രകാശ് എംഎല്‍എ അധ്യക്ഷത വഹിച്ച ചടങ്ങില്‍ ആന്റോ ആന്റണി എംപി മുഖ്യാതിഥിയായിരുന്നു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോന്നിയൂര്‍ പി.കെ, ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ എലിസബത്ത് അബു, തദ്ദേശഭരണ ഭാരവാഹികളായ ലീലാരാജന്‍, ആറന്മുള വാസ്തുവിദ്യാ ഗുരുകുലം എക്സിക്യൂട്ടീവ് ഡയറക്ടര്‍ റ്റി.കെ.കരുണദാസ്, ഡിഎഫ്ഒ കെ.എന്‍.ശ്യാംമോഹന്‍ലാല്‍, രാഷ്ട്രീയകക്ഷി നേതാക്കളായ പി.കെ.ഉദയഭാനു, എ.പി ജയന്‍, മുണ്ടയ്ക്കല്‍ ശ്രീകുമാര്‍, പുരാവസ്തുവകുപ്പ് ക്യൂറേറ്റര്‍ ആര്‍.രാജേഷ്കുമാര്‍ തുടങ്ങിയവര്‍ പങ്കെടുത്തു.

(പിഎന്‍പി 581/19)

## ക്ഷീരവികസന മേഖലയിലെ സ്വയംപര്യാപ്തത സര്‍ക്കാര്‍ ലക്ഷ്യം ചിറ്റയം ഗോപകുമാര്‍ എംഎല്‍എ

ക്ഷീരവികസന മേഖലയില്‍ സ്വയം പര്യാപ്തത കൈവരിക്കണം എന്നതാണ് സര്‍ക്കാര്‍ ലക്ഷ്യമിടുന്നതെന്ന് ചിറ്റയം ഗോപകുമാര്‍ എംഎല്‍എ പറഞ്ഞു. ക്ഷീരവികസന വകുപ്പിന്റെ 2018-2019 വര്‍ഷത്തെ പദ്ധതി പ്രവര്‍ത്തനത്തിന്റെ ഭാഗമായി അടൂര്‍ ഗവ. ബോയിസ് ഹയര്‍സക്കന്‍ഡറി സ്കൂളില്‍ അനുവദിച്ച സ്റ്റുഡന്‍സ് ഡയറി ക്ലബ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു എംഎല്‍എ. പുതുതലമുറയിലെ വിദ്യാര്‍ഥികള്‍ക്ക് ക്ഷീരവികസനമേഖലയുടെ സാധ്യതകളും, തൊഴിലവസരങ്ങളും പരിചയപ്പെടുത്തുക, കാര്‍ഷികവൃത്തിയിലേക്ക് യുവജനങ്ങളെ ആകര്‍ഷിക്കുക എന്നതാണ് സ്റ്റുഡന്‍സ് ഡയറി ക്ലബിന്റെ ലക്ഷ്യം.

ജില്ലാപഞ്ചാത്ത് അംഗം റ്റി.മുരുകേശ് അധ്യക്ഷത വഹിച്ച ചടങ്ങില്‍ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടര്‍ സില്‍വി മാത്യു, സ്കൂള്‍ വികസനസമിതി ചെയര്‍മാന്‍ എ.പി ജയന്‍, ബ്ലോക്ക് പഞ്ചായത്ത് മെമ്പര്‍ ആശാ ഷാജി, പള്ളിക്കല്‍ ഗ്രാമപഞ്ചായത്ത് മെമ്പര്‍ കുഞ്ഞുമോള്‍ കൊച്ചുപാപ്പി, സ്കൂള്‍ വികസനസമിതി കണ്‍വീനര്‍ ആര്‍ തുളസീധരന്‍പിള്ള, സ്കൂള്‍ പ്രന്‍സിപ്പല്‍ എ നജിമുന്നീസ,പിറ്റിഐ പ്രസിഡന്റ് കെ ഹരിപ്രസാദ് തടങ്ങിയവര്‍ പങ്കെടുത്തു.

(പിഎന്‍പി 582/19)

## കെട്ടിട നികുതി

വള്ളിക്കോട് ഗ്രാമപഞ്ചായത്തിലെ കെട്ടിട നികുതി കുടിശിക മാർച്ച് 31 വരെ പിഴപ്പലിശ ഒഴിവാക്കി ഒടുക്കാമെന്ന് സെക്രട്ടറി അറിയിച്ചു. (പിഎൻപി 583/19)

## ഫോട്ടോ അടിക്കുറിപ്പ്

1) ജില്ലാ പൈതൃക മ്യൂസിയം കോന്നി ആനത്താവളത്തിൽ മന്ത്രി രാമന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യുന്നു.
2) സംസ്ഥാന പുരാവസ്തുവകുപ്പ് തയാറാക്കിയ ലഘുപത്രിക മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അടൂർ പ്രകാശ് എംഎൽഎയ്ക്ക് കൈമാറുന്നു.
3) പുരാവസ്തുക്കളുടെ എക്സിബിനിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി
4) അടൂർ ഗവ. ബോയിസ് ഹയർസക്കൻഡറി സ്കൂളിൽ അനുവദിച്ച സ്റ്റുഡൻസ് ഡയറി ക്ലബ് ചിറ്റയം ഗോപകുമാർ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഫെബ്രുവരി 15<br>February 15 | 2019 |
| --- | --- |

*1193 കുംഭം 3 വെള്ളി*

# പത്രക്കുറിപ്പ് -4

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**റാന്നി നിയോജകമണ്ഡലത്തിലെ മൂന്ന് റോഡുകൾ രാജ്യാന്തര നിലവാരത്തിലേക്ക്**

റാന്നി നിയോജകമണ്ഡലത്തിലെ ഗ്രാമീണമേഖലയിലുള്ള മൂന്ന് പൊതുമരാമത്ത് റോഡുകൾകൂടി രാജ്യാന്തര നിലവാരത്തിലേക്ക്. മൂന്ന് റോഡുകളുടെ പുനരുദ്ധാരണത്തിനായി 10 കോടി രൂപ അനുവദിച്ചതായി രാജു ഏബ്രഹാം എംഎൽഎ അറിയിച്ചു.

പഴവങ്ങാടി പഞ്ചായത്തിലെ ഇട്ടിയപ്പാറ-ഐത്തല റോഡ് (2.5 കി.മീ), ചെറുകോൽ പഞ്ചായത്തിലെ പുതമൺ-കുട്ടത്തോട് റോഡ് (5.6 കി.മീ), റാന്നി പഞ്ചായത്തിലെ പാലച്ചുവട്-നരിക്കുഴി റോഡ് (4.4 കി.മീ) എന്നിവയാണ് ബി എം ബി സി നിലവാരത്തിൽ പുനരുദ്ധരിക്കുന്നതിനായി ഫണ്ട് അനുവദിച്ച് സർക്കാർ ഉത്തരവായത്. ബി എം ബി സി നിലവാരത്തിൽ പുനരുദ്ധരിക്കുന്ന തീരദേശ പാതയായ ഐത്തല-അറുച്ചാംകുഴിയെ ഇട്ടിയപ്പാറ ടൗണുമായി ബന്ധിപ്പിക്കുന്ന റോഡാണ് ഇട്ടിയപ്പാറ-ഐത്തല റോഡ്. ഇടക്കുളം -വടശേരിക്കര റോഡിന് സമാന്തരമായ പാലച്ചുവട്-നരിക്കുഴി റോഡ് ശബരിമല സീസണിൽ അനുബന്ധപാതയായി ഉപയോഗിക്കാം. തികച്ചും ഗ്രാമീണ മേഖലയിലേക്കുള്ള പുതമൺ -കുട്ടത്തോട് റോഡ് വികസനം പ്രദേശത്തെ സമഗ്രവികസത്തിന് വഴിതെളിക്കും. ഈ മേഖലയിലെ ജനങ്ങൾക്ക് ജില്ലാ ആസ്ഥാനത്തേക്ക് പോകാനുള്ള ദൈർഘ്യം കുറഞ്ഞ റോഡായും ഇത് മാറും. ഈ റോഡുകളുടെ വികസനം നാട്ടുകാരുടെ ചിരകാല സ്വപ്നമായിരുന്നു. ഇത് സംബന്ധിച്ച് എംഎൽഎ പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി. സുധാകരനുമായി ബന്ധപ്പെട്ടതിനെ തുടർന്നാണ് ഫണ്ട് അനുവദിച്ചത്.

(പിഎൻപി 584/19)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**